(ബി) ഈ പ്രദേശത്ത് കടൽഭിത്തികളുടെ മെയിന്റനൻസിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പുതിയ മെയിന്റനൻസ് പണികൾ ഏറ്റെടുക്കുന്നതിന് ,തൽക്കാലം നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

(സി) ബി.എൽ.എസ്. 112 -ന് സമീപം 250 മീറ്റർ നീളം കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിലേക്കായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

ആലപ്പുഴയിലെ കടൽഭിത്തി നിർമ്മാണം

62 (1729) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ കടലാക്രമണഭീഷണി ചെറുക്കുന്നതിനായി എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ട പ്രദേശങ്ങൾ ഉണ്ട് എന്ന് വിശദമാക്കാമോ ;

(ബി) എത്ര കിലോമീറ്റർ ദൂരത്തിൽ എവിടെയെല്ലാം കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട് ;

(സി) കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ള ഏതെല്ലാം പ്രദേശങ്ങളിലെ കടൽഭിത്തികൾക്കാണ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നഗരത്തിലെ കടലോരപ്രദേശത്ത് നിർമ്മിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഇ) നഗരത്തിൽ ആവശ്യമുള്ള പ്രദേശങ്ങളിൽ കടൽഭിത്തികെട്ടി സംരക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിൽ തുമ്പോളി ഭാഗത്ത് 1 കിലോമീറ്റർ നീളത്തിലും, ആലപ്പുഴ ജില്ലാ ആശുപത്രിക്ക് സമീപം 150 മീറ്റർ നീളത്തിലും കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതായുണ്ട്.

(ബി) ആലപ്പുഴ നഗരത്തിൽ വടക്ക് തുമ്പോളി മുതൽ തെക്ക് വാടയ്ക്കൽ വരെയുള്ള ഭാഗത്ത് 5.90 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ വിജയ പാർക്കിന്റെ പുറകുവശത്ത് ഏകദേശം 200 മീറ്ററും തുമ്പോളിയിൽ 150 മീറ്ററും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. ഇതിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ആലപ്പുഴ നഗരത്തിൽ ജില്ലാ ആശുപത്രിക്ക് സമീപം 100 മീറ്റർ കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly